ചെയർമാൻ ഇവരെല്ലാം അടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതിയിലെ ആളുകളും കൂടിയിരുന്നു ആലോചിച്ചു് ഇതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റി ഇതു സംബന്ധിച്ചു് പഠനം നടത്തി ഗവൺമെൻറിൽ ഒരു രൂപരേഖ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു. അങ്ങനെ സമർപ്പിച്ച രൂപരേഖയുടെ അടിസ്ഥാനത്തിലാണു് 1984 മാർച്ചു് മാസം 14-ാം തീയതിയിലെ ഗസറ്റിൽ ഗവൺമെൻറ് വിജ്ഞാപനം പുറപ്പെടുവിച്ചതു്. ഇതിനു വേണ്ടി ഒരു പൊതുരൂപം ഇപ്പോൾ നമ്മൾ ഉണ്ടാക്കിയിട്ടുണ്ടു് അതു് ഫാളോ ചെയ്യാൻ വിവിധ ഡിപ്പാർട്ടുമെൻറുകളും നടത്തുന്ന ഈ സ്ഥാപനങ്ങളും തയ്യാറാണോ ? ഇവിടെ ശ്രീമതി ഗൗരിയമ്മ പറഞ്ഞതുപോലെ എല്ലാംകൂടി വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ കൊണ്ടുവരാനുള്ള ആഗ്രഹമില്ല. ഇതു എല്ലാത്തിനും ഒരു ഏകീകൃത രൂപം വേണമെന്നുള്ളതു് എല്ലാവർക്കും അഭിപ്രായമുള്ളതാണു്. അതിനുവേണ്ടിയുള്ള നടപടികളും പൂർത്തിയായിട്ടുണ്ടു്. ഇതിനു വിധേയമായി ആളുകളും പ്രവർത്തിക്കുന്നില്ലെങ്കിൽ വിദ്യാഭ്യാസ നിയമത്തിൽ ഭേദഗതി വരുത്തിയേ പറ്റൂ. അക്കാര്യം ഗവൺമെൻറ് ആലോചിച്ചു വരികയാണു്.

ശ്രീ. പി. ദിനകരൻ : സർ, പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിൻെറ പ്രാധാന്യം കണക്കിലെടുത്തു്, ഇതു് ഏകീകരിക്കുന്നതിനും ഗവൺമെൻറിൻെറ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുമായി ഒരു പ്രീ-പ്രൈമറി വിദ്യാഭ്യാസ വകുപ്പു് രൂപീകരിക്കുന്ന കാര്യം ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : പ്രീ-പ്രൈമറി വിദ്യാഭ്യാസ വകുപ്പിൻെറ ആവശ്യമില്ല. നമുക്കു പൊതു വിദ്യാഭ്യാസ വകുപ്പിൽത്തന്നെ അതിനുള്ള സംവിധാനമുണ്ടു്.

ശ്രീ. ലോനപ്പൻ നമ്പാടൻ : ഗ്രാമപ്രദേശങ്ങളിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തിക്കൊണ്ടിരുന്ന നിലത്തെഴുത്താശാൻമാർ ഇന്നു സമരത്തിലാണു്. അവർക്കു പ്രത്യേക സഹായങ്ങളും ഗ്രാൻറുകളും നൽകാൻ നടപടിയെടുക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : പ്രീ-പ്രൈമറി വിദ്യാഭ്യാസം മുൻപു് നടത്തിക്കൊണ്ടിരുന്നതു് നമ്മുടെ ആശാൻമാരാണു്. അവരുടെ കാര്യം വലിയ കഷ്ടത്തിലായിട്ടുണ്ടു്. അവരുടെ അവശതകളെക്കുറിച്ചു പഠിക്കുന്നതിനു് ഗവൺമെൻറ് ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിരുന്നു. അദ്ദേഹം റിപ്പോർട്ടു നൽകിയിട്ടുണ്ടു്. ആ റിപ്പോർട്ടു ഗവൺമെൻറിൻെറ സജീവമായ പരിഗണനയിലിരിക്കുകയാണു്.

പാഠപുസ്തകങ്ങളുടെ അച്ചടിയിലെ ക്രമക്കേടുകൾ

* 295. [318] ശ്രീ. ടി. കെ. അറുമുഖൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, കോലിയക്കോടു് എൻ. കൃഷ്ണൻ നായർ :
ശ്രീമതി പി. വേലായുധി :
ശ്രീ. ടി. കെ. അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടിയിൽ വ്യാപകമായ ക്രമക്കേടുകൾ ഉള്ളതായി എന്തെങ്കിലും പരാതി സർക്കാരിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പാഠപുസ്തകങ്ങൾ സംസ്ഥാനത്തിനു പുറത്ത എവിടെയെങ്കിലും അച്ചടിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എവിടെയെല്ലാം ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) പാഠപുസ്തകങ്ങളുടെ അച്ചടിയിൽ ക്രമക്കേടുള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പാഠപുസ്തകങ്ങളുടെ അച്ചടി ജോലി പ്രൈവറ്റു പ്രസ്സുകളിൽ ഏൽപ്പിച്ചതിനെ സംബന്ധിച്ച പരാതികൾ ഉണ്ടായിട്ടുണ്ട്. അവ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അച്ചടി സംബന്ധമായ ജോലികൾ നിയമാനുസൃതമായിട്ടു തന്നെയാണ് പ്രസ്സുകളെ ഏൽപ്പിച്ചിട്ടുള്ളത്. ആരോപണങ്ങൾ അടിസ്ഥാന രഹിതമായതിനാൽ കൂടുതൽ അന്വേഷണം വേണമെന്നു തോന്നുന്നില്ല.

(സി) ഉണ്ട്.

(ഡി) നാഗർകോവിൽ, ശിവകാശി, മദ്രാസ് എന്നീ സ്ഥലങ്ങളിൽ.

ശ്രീ. ടി. കെ. അറുമുഖൻ : ഈ അദ്ധ്യയന വർഷം തീരാൻ ഇനി നാലു മാസമേയുള്ളൂ. ഇനിയും ലക്ഷക്കണക്കിന് കുട്ടികൾക്ക് പുസ്തകങ്ങൾ കൊടുക്കാനുണ്ട്. അത് എപ്പോൾ കൊടുക്കാൻ കഴിയും ; ഗവൺമെൻറിന്റെ ഉടമയിലുള്ള കേരളാ ബുക്സ് ആൻറ് പബ്ലിക്കേഷൻസ് സൊസൈറ്റിയിൽ അച്ചടിപ്പിക്കാൻ ഏൽപ്പിച്ച 10-ാം ക്ലാസ്സിലെ പുസ്തകം തിരിച്ച് വാങ്ങി സ്വകാര്യ അച്ചടിശാലയെ ഏൽപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ് ?

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഒന്നുംതന്നെ ശരിയല്ല. പുസ്തകങ്ങൾ ആവശ്യമുള്ളതെല്ലാം പ്രിൻറു ചെയ്തു കഴിഞ്ഞിട്ടുണ്ട്. 10-ാം ക്ലാസ്സിലേക്കുള്ള "ഇൻഡ്യൻ കൾച്ചർ" എന്നു പറയുന്ന പുസ്തകം അത് തേർഡ് ടേമിൽ പഠിപ്പിക്കേണ്ട പുസ്തകമാണ്. തൃക്കാക്കര പ്രസ്സിൽ നമുക്ക് പ്രിൻറു ചെയ്യാൻ കഴിയുന്നത് ആ പ്രസ്സിന്റെ കപ്പാസിറ്റിയനുസരിച്ചു മാത്രമാണ് ഒന്നേമുക്കാൽ കോടി പുസ്തകങ്ങൾ ആണ് ഒരു വർഷം അവിടെ പ്രിൻറു ചെയ്യാൻ കഴിയുന്നത്. ഈ വർഷം ആകെ പ്രിൻറു ചെയ്യേണ്ട 282 ലക്ഷം പുസ്തകങ്ങളിൽ അവർ തന്നെയാണ് 205 ലക്ഷം പുസ്തകങ്ങൾ പ്രിൻറു ചെയ്തിട്ടുള്ളത്, ബാക്കി അച്ചടി ജോലികൾ അവിടെ നടത്താൻ സാധിക്കുകയില്ലെന്ന് ഗവൺമെൻറിനെ അറിയിച്ചതുകൊണ്ട് മാത്രമാണ് ആൾട്ടർനേറ്റീവായിട്ടുള്ള സംവിധാനങ്ങൾ ഈ ഗവൺമെൻറ് സ്വീകരിച്ചത്.

ശ്രീ. ടി. കെ. അറുമുഖൻ : കുട്ടികളുടെ പാഠപുസ്തകം മാത്രം അച്ചടിക്കുന്നതിനുവേണ്ടി 1978-ലാണ് കേരളത്തിൽ ബുക്സ് ആൻറ് പബ്ലിക്കേഷൻസ് രൂപീകൃതമായത്. എന്നാൽ അവിടെ പണിയില്ല. ആ പ്രസ്സിൽ പണിയില്ലാതിരിക്കുന്ന അവസരത്തിൽ പ്രൈവറ്റ് മേഖലയിൽ കൊടുക്കുന്നതെന്തിനാണെന്ന് പറയാമോ ?

ശ്രീ. ടി. എം. ജേക്കബ് : അത് ശരിയല്ലെന്ന് ഞാൻ നേരത്തേ പറഞ്ഞല്ലോ. ഈ പ്രസ്സിന്റെ കപ്പാസിറ്റി ടെക്സ്റ്റ് ബുക്ക് പ്രിൻറിംഗിനു വേണ്ടിയാണ് ഉപയോഗിക്കുന്നത്, അതിനുവേണ്ടിയാണ് തൃക്കാക്കര പ്രസ്സുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ആ പ്രസ്സിൽ നമുക്കാവശ്യമായിട്ടുള്ള പുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടാക്കണമെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ആഗ്രഹം. ഒന്നേമുക്കാൽ കോടി പുസ്തകങ്ങൾ അടിക്കാൻ കഴിയുമായിരുന്ന തൃക്കാക്കര പ്രസ്സിൽ ഈ വർഷം 205 ലക്ഷത്തോളം പുസ്തകങ്ങൾ അച്ചടിച്ചിട്ടുണ്ട്. അവരെക്കൊണ്ട് ബാക്കി ജോലികൾ ഏറ്റെടുക്കാൻ സാധിക്കുകയില്ലെന്ന് അറിയിച്ചതുകൊണ്ടാണ് മറ്റ് പ്രസ്സുകളെ ആശ്രയിക്കേണ്ടതായിവന്നത്.

ശ്രീമതി പി. ദേവൂട്ടി : സ്വകാര്യ പ്രസ്സുകളിലും, ഗവൺമെന്റ് പ്രസ്സുകളിലും ആയി പ്രിന്റിംഗ് ചാർജ്ജ് എത്ര വ്യത്യാസമുണ്ടെന്ന് പറയാമോ ?

ശ്രീ. ടി. എം. ജേക്കബ് : സ്വകാര്യ പ്രസ്സിൽ അച്ചടിക്കുന്നതിനേക്കാൾ മൂന്നിരട്ടിയിൽ കൂടുതൽ തുക ഗവൺമെന്റ് പ്രസ്സിൽ അച്ചടിക്കുന്നതിന് ചെലവാകുന്നുണ്ട്.

ശ്രീമതി പി. ദേവൂട്ടി : ഇനിയും അച്ചടി തീരാത്ത ഏതെല്ലാം പുസ്തകങ്ങളാണ് ഉള്ളത്. ഇന്ന് പല ക്ലാസ്സുകളിലും പുസ്തകങ്ങൾ കിട്ടിയിട്ടില്ല.

ശ്രീ. ടി. എം. ജേക്കബ് : "കംപ്ലീറ്റ് ആൻഡ് ഫെയർ റേറ്റഡ് ഓഫ് ഇൻഡ്യ" എന്ന പുസ്തകം മാത്രമാണ് അച്ചടി പൂർത്തിയാക്കാതായിട്ടുള്ളത്. ആ പുസ്തകം മൂന്നാമത്തെ ടേമിൽ പഠിപ്പിക്കേണ്ടതാണ്. ആ കാര്യം ഞാൻ നേരത്തേ അറിയിച്ചിട്ടുണ്ട്. ഈ മാസം അവസാനത്തോടുകൂടിയോ, അല്ലെങ്കിൽ ഡിസംബർ മാസം ആദ്യവാരത്തോടുകൂടിയോ അത് സ്കൂളുകളിൽ എത്തിക്കാൻ കഴിയും.

ശ്രീ. ടി.കെ. അബ്ദു : ഈപുസ്തകങ്ങൾഅച്ചടിപ്പിക്കുന്നതിന് സ്വകാര്യ പ്രസ്സുകാരെ ഏൽപ്പിക്കുകയും, അവർക്ക് അതിന് പേപ്പറിന്റെ കാശ് കൊടുക്കുന്നത് വാങ്ങിച്ചു വിറ്റതിനുശേഷം സ്വകാര്യ പ്രസ്സുകാർ കേരളത്തിന്റെ വെളിയിൽ നിന്ന് അച്ചടിച്ച പുസ്തകം കൊണ്ടുവരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : അങ്ങനെ ഒരു വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നേരത്തേ ഗവൺമെന്റ് സ്വകാര്യ പ്രസ്സുകാരെ വെറുതെ നെഗോഷിയേറ്റ് ചെയ്ത് ഏൽപ്പിക്കുകയല്ല ചെയ്തത്. ടെൻഡർ വിളിച്ച് അതിനകത്ത് ലോവസ്റ്റായിട്ടുള്ള ടെൻഡറുകാരെയാണ് ഈ കരാർ ഏൽപ്പിച്ചുകൊടുത്തിട്ടുള്ളത്. കേരളത്തിനു പുറത്ത് അച്ചടിപ്പിക്കുന്ന ജോലി ഏൽപ്പിക്കരുതെന്നും, പറഞ്ഞ് ഇവിടത്തെ പ്രിന്റേഴ്സ് തന്നെ ഒരു റിട്ട് ഹർജി കോടതിയിൽ ഫയൽ ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം ഹൈക്കോടതി താൽക്കാലികമായി സ്റ്റേ ഉത്തരവ് നൽകി. പുസ്തകങ്ങളുടെ അച്ചടി നടക്കണമെന്നുള്ളതുകൊണ്ട് സംസ്ഥാനത്തിനകത്തുതന്നെ പുസ്തകങ്ങൾ പ്രിന്റ് ചെയ്താൽ മതിയെന്ന് ഗവൺമെന്റ് തീരുമാനിക്കുകയാണുണ്ടായത്.

ശ്രീ. കെ. ടി. കണാരൻ : സ്വകാര്യ പ്രസ്സുകാർക്ക് പുസ്തകം അച്ചടിക്കുന്നതിനുവേണ്ടി ഗവൺമെന്റ് കടലാസിന്റെ കാശ് എത്ര കൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : അതിന്റെ നമ്പർ ഞാൻ പറഞ്ഞു. അതിന്റെ കാണ്ടിറ്റി എത്രയാണെന്ന് ഉള്ളത് പ്രത്യേകം നോട്ടീസ് നൽകിയാലേ പറയാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാമൻ : ഹൈസ്ക്കൂളുകളിലെ അറബിക് പുസ്തകങ്ങൾ എവിടെ നിന്നാണ് വാങ്ങുന്നത് ; വർഷങ്ങളോളം പഴക്കമുള്ള ഈ പുസ്തകങ്ങൾ ഇപ്പോഴും മാറാതിരിക്കുന്നത് എന്തുകൊണ്ടാണ് ?

ശ്രീ. ടി. എം. ജേക്കബ് : അത് മാറാതിരിക്കുന്നതിന്റെ കാരണം വിദ്യാഭ്യാസ ഇൻസ്പെക്ടറേറ്റിനോട് ആരായേണ്ടതായിട്ടുണ്ട്. എവിടെ നിന്നാണ് വാങ്ങുന്നതെന്നുള്ള കാര്യത്തെക്കുറിച്ച് പ്രത്യേകമായി നോട്ടീസ് നൽകിയാലേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. ചന്ദ്രശേഖരൻ : "ഇൻഡ്യൻ കറൻസ്സി" എന്നുള്ള പുസ്തകം തൃക്കാക്കര പ്രസിസിൽ നിന്നും മാറ്റി സംസ്ഥാനത്തിന് പുറത്തുള്ളതായിട്ടുള്ള മൂന്നു സ്ഥലങ്ങളുടെ പേര് മന്ത്രി ഇവിടെ പറയുകയുണ്ടായി, അതിൽ ഏതെങ്കിലും സ്ഥലത്താണോ ഇത് മാറ്റി പ്രിന്റ് ചെയ്യാൻ കൊടുത്തിട്ടുള്ളത്, അല്ലെങ്കിൽ അത് എവിടെയാണ് പ്രിന്റ് ചെയ്യാൻ കൊടുത്തിട്ടുള്ളത്; അത് പ്രിന്റ് ചെയ്യാൻ കൊടുത്തിട്ടുള്ളത് നെഗോഷിയേറ്റഡ് കോൺട്രാക്റ്റിന്റെ അടിസ്ഥാനത്തിലാണോ, അതോ ടെൻഡർ വിളിച്ചാണോ?

ശ്രീ. ടി. എം. ജേക്കബ് : 1986-'87 വർഷത്തേക്കുള്ള പുസ്തകങ്ങൾ പ്രിന്റു ചെയ്യാൻവേണ്ടി ടെൻഡർ ക്ഷണിച്ചിരുന്നു. ആ ടെൻഡറിന്റെ അടിസ്ഥാനത്തിൽ നേരത്തേ ടെൻഡർ കൊടുത്തിട്ടുള്ള ഒരു വ്യക്തിക്കു തന്നെയാണ് അത് കൊടുത്തിട്ടുള്ളത്. കേരളത്തിനു പുറത്തുള്ള പ്രസ്സുകളിലല്ല ഇത് കൊടുത്തിരിക്കുന്നത്. കേരളത്തിനകത്ത് തന്നെയാണ് കൊടുത്തിരിക്കുന്നത്.

ശ്രീ. ആർ. എസ്. ഉണ്ണി : തൃക്കാക്കര പ്രസ്സിൽ എത്ര ഷിഫ്റ്റാണ് വർക്ക് ചെയ്യുന്നത് . ആ പ്രസ്സിന്റെ കപ്പാസിറ്റി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെയല്ലെന്നും, അതിനെക്കാളും വളരെ കൂടുതലാണെന്നും, 1881-ൽ ആന്ധ്രാ ഗവൺമെന്റിന്റെ പുസ്തകം ഇവിടെ അച്ചടിച്ചിട്ടുണ്ടെന്നുമുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ പ്രസ്സിന്റെ കഴിവുപയോഗിച്ചാൽ നമ്മുടെ പുസ്തകങ്ങളും മുഴുവൻ അടിക്കാൻ കഴിയും എന്നുള്ള വസ്തുത ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : ഇത് ഞാൻ ആദ്യം പറഞ്ഞു. തൃക്കാക്കര പ്രസ്സിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്ന് പറയുന്നത് ഒരു വർഷം പ്രിന്റ് ചെയ്യാൻ കഴിയുന്നത് ഒന്നേ മുക്കാൽ കോടി പുസ്തകങ്ങളാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : എത്ര ഷിഫ്റ്റാണ് അവിടെ വർക്ക് ചെയ്യുന്നത് ?

ശ്രീ. ടി. എം. ജേക്കബ് : അവിടെ ഓവർടൈം കൊടുത്തുതന്നെയാണ് വർക്ക് ചെയ്യിക്കുന്നത്. ഇതിനകത്ത് സംശയത്തിന്റെ ആവശ്യമൊന്നുമില്ല. ഗവൺമെന്റ് ഇപ്പോഴും അവരോട് പറഞ്ഞിരിക്കുന്നതു മാക്സിമം എത്ര ചെയ്യാൻ കഴിയുമോ അത്രയും ചെയ്യണമെന്നാണ്. തൃക്കാക്കര പ്രസ്സിൽ അച്ചടിക്കാൻ കഴിയുകയില്ലെന്ന് അവർ അറിയിച്ചെങ്കിൽ മാത്രമല്ലാതെ മറ്റൊരു സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നില്ല. ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി 1981-'82 ലെ കാര്യം പറഞ്ഞു. 1983-'84 വർഷം മുതലാണ് ഞങ്ങൾ പുസ്തകങ്ങൾ റിവൈസ് ചെയ്യാൻ തുടങ്ങിയത്. നേരത്തേ നമുക്ക് റീപ്രിന്റ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. റീപ്രിന്റ് മാത്രം ഉണ്ടായിരുന്നപ്പോൾ വളരെ കുറച്ചു കോപ്പി അച്ചടിക്കാൻ മതിയായിരുന്നു. പുതിയ പുസ്തകങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ഇൻട്രാഡ്യൂസ് ചെയ്തു കഴിഞ്ഞപ്പോൾ കൂടുതൽ കോപ്പികൾ അടിക്കേണ്ടതായി വന്നു. റീപ്രിന്റും, പുതിയ പുസ്തകങ്ങളുടെ അച്ചടിയും കൂടി വന്നപ്പോൾ അവരുടെ കപ്പാസിറ്റിയിൽ ഒതുങ്ങി നിൽക്കുകയില്ല അവരെ കൊണ്ട് അത് ചെയ്യാൻ കഴിയുകയില്ലെന്ന് അറിയിച്ചതുകൊണ്ടാണ് ബദൽ സംവിധാനം ഗവൺമെന്റ് സ്വീകരിച്ചത്.

ശ്രീ. കെ. ഇ. ഇസ്മയിൽ : നമ്മുടെ സംസ്ഥാനത്തിലെ ഗവൺമെന്റ് പ്രസ്സുകളിൽ ആവശ്യമായ ജോലി ഇപ്പോഴില്ല എന്നുള്ളതു തൊഴിലാളികൾക്കുള്ള മുഖ്യമായ പ്രശ്നമാണ്. എന്നാൽ തൃക്കാക്കര പ്രസ്സിൽ മാത്രമേ ഇപ്പോൾ പാഠപുസ്തകങ്ങൾ അച്ചടിക്കുന്ന സംവിധാനം നിലവിലുള്ളൂ. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിലെ മറ്റ് പ്രസ്സുകളിലും പാഠപുസ്തകങ്ങൾ അടിക്കാനാവശ്യമായ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി സ്വകാര്യ വ്യക്തികൾക്ക് കൊടുക്കുന്നതിനു പകരം നമ്മുടെ സംസ്ഥാനത്തിൽതന്നെ പാഠപുസ്തകങ്ങൾ അച്ചടിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതിനെ കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : മറ്റ് പ്രസ്സുകളുടെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രസ്സുകളുടെ കപ്പാസിറ്റി അതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന മുറയ്ക്ക് പൂർണ്ണമായും നമ്മുടെ പ്രസ്സുകളിൽതന്നെ ഈ കാര്യങ്ങൾ ചെയ്യാവുന്നതാണ്.

ശ്രീ. എം. വി. രാഘവൻ : സ്വകാര്യ പ്രസ്സിൽ അച്ചടിക്കുന്നതിനേക്കാൾ മൂന്നിരട്ടി ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടിച്ചാൽ ചെലവാകുമെന്ന് പറഞ്ഞു. എന്താണ് അതിന്റെ കാരണം ? ഈ പ്രസ്സിന്റെ തകരാറുകൊണ്ടാണോ ; ആണെങ്കിൽ അത് മാറ്റാൻ നടപടിയെടുക്കുമോ ? എന്തുകൊണ്ടാണ് ഇങ്ങനെ വരുന്നത് ? ഈ സ്റ്റേറ്റിന്റെ ധനം ഇങ്ങനെ നഷ്ടപ്പെടുത്തിക്കളഞ്ഞാലോ ? കാരണം വിശദീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : അതിന്റെ വിശദാംശങ്ങൾ എന്റെ കയ്യിലില്ല. ഇവിടെ കിട്ടിയിരിക്കുന്ന വിവരമനുസരിച്ച് അച്ചടിക്കൂലി താരതമ്യേന മൂന്നിരട്ടി കൂടുതലാണ് ഗവൺമെന്റു പ്രസ്സിൽ. അതുകൊണ്ടുതന്നെ ഈ പാഠപുസ്തകങ്ങളുടെ വിലയിലും കാര്യമായ വർദ്ധനവ് വരുന്നുണ്ട്. എനിക്കു തോന്നുന്നത് ഇവിടെയുള്ള മറ്റു സംവിധാനങ്ങളുടെയൊക്കെ കാരണം കൊണ്ടായിരിക്കാം. വിശദാംശങ്ങൾ പ്രത്യേകം നോട്ടീസ് നൽകിയാൽ പരിശോധിച്ച് പറയാം.

ശ്രീ. ഇ. കെ. നായനാർ : ഇവിടെ ഗവൺമെന്റ് തീരുമാനിച്ചു, കേരളത്തിലെ പ്രസ്സിലെ അച്ചടിക്കാൻ പാടുള്ളൂവെന്ന്. ശിവകാശിയെന്നു പറഞ്ഞാൽ കോളമല്ലെന്നാണ് എന്റെ ധാരണ. ശിവകാശിയിൽ അടിക്കുന്നുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. പക്ഷെ തീരുമാനം കേരളത്തിലെ അടിക്കുവാൻ പാടുള്ളുവെന്നാണ്. അപ്പോൾ ഈ പ്രൈവറ്റ് ഭാഷയ്ക്ക് കൊടുത്തിട്ട് ലാഭമുണ്ടാക്കാനാണോ സർക്കാർ പരിശ്രമിച്ചതെന്നാണ് വിശദീകരിച്ചാൽ തരക്കേടില്ല.

ശ്രീ. ടി. എം. ജേക്കബ് : അദ്ധ്യേഹത്തിന് ഒരു കൺഫ്യൂഷൻ ഉണ്ടായിരിക്കുകയാണ് 1986-87 അദ്ധ്യയന വർഷത്തിലെ പുതിയ പുസ്തകങ്ങൾ അച്ചടിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവന്നപ്പോൾ ഇവിടത്തെ സ്വകാര്യ പ്രിന്റർമാർ ഹൈക്കോടതിയിൽ ഒരു റിട്ട് ഫയൽ ചെയ്യുകയും സ്റ്റേ വരുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അന്ന് ഗവൺമെന്റ് എടുത്ത തീരുമാനമെന്നു പറയുന്നത് 1986-87 വർഷങ്ങളിലേക്കുള്ള പുതിയ പുസ്തകങ്ങളുടെ അച്ചടി പുറത്തുള്ളവരെ ഏൽപ്പിക്കേണ്ടതില്ല എന്നാണ് അതിന്റെ അടിസ്ഥാനത്തിൽ പുറത്തുള്ളവരെ ഏൽപ്പിച്ചിട്ടില്ല. ശിവകാശിയിലും മദ്രാസിലും പ്രിന്റു ചെയ്തതെന്ന് പറയുന്നത് റീപ്രിന്റാണ്. മുൻപ് അവർ അച്ചടിച്ചിരുന്നത് റീപ്രിന്റു ചെയ്യാൻ മാത്രമാണ് അവിടെ കൊടുത്തിരിക്കുന്നത്. പുതിയ പുസ്തകങ്ങളൊ കൊടുത്തിരിക്കുന്നത്.

ശ്രീ. ഇ. കെ നായനാർ : റീപ്രിന്റിനു പൈസ കൊടുക്കണ്ടേ ?

ശ്രീ. ടി. എം. ജേക്കബ് : പൈസ കൊടുക്കണം. 1986-87-ലെ പുതിയ പുസ്തകങ്ങൾ പുറത്തുകൊടുക്കണ്ടായെന്ന് ഞങ്ങൾ തീരുമാനിക്കുകയും, പുറത്തു കൊടുക്കാതിരിക്കുകയും ചെയ്തത് അതിനു മുമ്പ് ശിവകാശിയിലും മദ്രാസിലും അടിച്ചിരുന്ന പുസ്തകങ്ങൾ റീപ്രിന്റു ചെയ്തു കൊടുത്തു. നാഗർകോവിൽ പ്രസ്സിന്റെ കാര്യം പറഞ്ഞു. നോത്തൃക്കാക്കര പ്രസ്സിൽ അടിക്കുമ്പോൾ തന്നെ ചില പുസ്തകങ്ങൾ കർണ്ണാടക സ്റ്റേറ്റിലും തമിഴ്നാട്ടിലും അടിച്ചിരുന്നു. പുസ്തകങ്ങൾ നാലു ഭാഷയിൽ പ്രിന്റു ചെയ്യുന്നുണ്ട്. ഇംഗ്ലീഷിലും മലയാളത്തിലും, കന്നടയിലും തമിഴിലുമൊക്കെ പ്രിന്റു ചെയ്യുന്നുണ്ട്. പ്രിന്റിംഗിന്റെ സൗകര്യത്തിനുവേണ്ടി ചില സന്ദർഭങ്ങളിൽ (തമിഴിന്റെയും കന്നടയുടെയും കോപ്പി അയ്യായിരമോ ആറായിരമോ മാത്രം വരും.) അത് പുറത്തുള്ള പ്രസ്സുകളിൽ കൊടുക്കാറുണ്ട്.

ശ്രീ. ഇ. കെ. നായനാർ : ഇവിടെ ആകെ കൺഫ്യൂഷനാണ്. ക്യാബിനറ്റ് തീരുമാനിച്ച് പുറത്തുകൊടുക്കേണ്ടായെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് റീപ്രിന്റ് ചെയ്യാൻ കൊടുക്കാമെന്ന്. കൊടുക്കേണ്ട എന്നു തീരുമാനിച്ചിട്ടുള്ളവർ ഇവിടിരിപ്പുണ്ട്. റീ-പ്രിന്റിംഗിന് ഇപ്പോഴും കൊടുക്കുന്നുമുണ്ട്. അങ്ങനെ പ്രൈവറ്റായി പുറത്തുകൊടുത്ത് ലാഭമുണ്ടാക്കണമെന്നുള്ളതിനെ നിഷേധിക്കുന്നില്ല, അല്ലേ?

ശ്രീ. ടി. എം. ജേക്കബ് : ശ്രീ. നായനാരെപോലെ ഉത്തരവാദപ്പെട്ട അംഗങ്ങൾ ഇങ്ങനെ പറയുന്നത് ശരിയല്ല. 1986-87-ലെ സ്ഥിതി ഇതാണ്. ഇവിടത്തെ അറിയപ്പെടുന്ന പത്രങ്ങളിൽ ടെൻഡർ ക്ഷണിച്ച് ആ ടെൻഡറുകളിൽ നിന്ന് ഏറ്റവും ലോവസ്റ്റായി വന്നിരിക്കുന്ന ആളുകൾക്കു മാത്രമേ കരാർ ഉറപ്പിച്ചുകൊടുത്തിട്ടുള്ളൂ. അതുവഴി സർക്കാരിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ല. ഞാൻ ആദ്യം പറഞ്ഞത് വീണ്ടും ആവർത്തിക്കുന്നു. 1986-87-ലെ പുതിയ പുസ്തകങ്ങൾ കേരളത്തിനു പുറത്തുള്ള സഹകരണപ്രസ്സുകളിൽ അച്ചടിച്ചിട്ടില്ല. അതിനുമുമ്പുണ്ടായിരുന്ന പുസ്തകങ്ങൾ റീ-പ്രിന്റു ചെയ്യാൻ മാത്രമാണ് ശിവകാശിയിലും മദ്രാസിലും കൊടുത്തിട്ടുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി : കഴിഞ്ഞ വർഷത്തേയും ഈ വർഷത്തേയും എല്ലാ ടെസ്റ്റ് ബുക്കുകളും അച്ചടിച്ചതിൽ ഒരു പരാതിയും ഉണ്ടായിട്ടില്ലായെന്നു പറഞ്ഞു. എന്നാൽ ഈ ടെസ്റ്റു ബുക്കുകൾ അടിക്കാൻ കൊടുത്ത ഗവൺമെന്റ് കാട്ടേ പേപ്പർ മാറി ന്യൂസ് പ്രിന്റിലാണ് പുസ്തകങ്ങൾ അച്ചടിച്ചതെന്നും വെരിഫൈ ചെയ്തപ്പോൾ അത് ശരിയാണെന്നും കണ്ടു. അതുപോലെ പ്രസ്സില്ലാത്തവർക്ക് കോൺട്രാക്ട് വന്നതെന്നും ഉറപ്പിച്ചുകൊടുത്തുകൊണ്ടാണ് ശിവകാശിയിൽ അടിക്കേണ്ടി വന്നതെന്നും ഉള്ള കാര്യം അങ്ങേക്കറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : ഇവിടെ നിന്നു കൊടുക്കുന്ന പേപ്പറുകൾ ഒരു കാരണവശാലും ദുരുപയോഗപ്പെടുത്താതിരിക്കാനുള്ള സംവിധാനങ്ങൾ നമുക്കുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട ഗവർണ്ണർ ഒരു ആക്ഷേപമായി പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഈ കാര്യത്തെക്കുറിച്ച് പ്രത്യേകമായി അന്വേഷിക്കുന്നതാണ്.

ഏകീകൃത സർവ്വകലാശാല നിയമനത്തിന് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

* 296. [319] ശ്രീ. പി. സീതി ഹാജി :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. എം. അബൂബക്കർ :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർവ്വകലാശാലകൾക്ക് ഒരു ഏകീകൃത നിയമം കൊണ്ടുവരാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) അവയിൽ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തെല്ലാം ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) കേരളത്തിലെ സർവ്വകലാശാലകൾക്ക് ഒരു ഏകീകൃത നിയമം കൊണ്ടുവരാൻ നേരത്തെ തീരുമാനിച്ചിരുന്നു.

(ബി) ഇല്ല

(സി) 'ബി'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. സീതിഹാജി : കേരളത്തിലെ സർവ്വകലാശാലകൾക്ക് ഒരു ഏകീകൃത നിയമം കൊണ്ടുവരാൻ ഗവൺമെൻറ് നേരത്തെ ഉദ്ദേശിച്ചിരുന്നു. ആ ഉദ്ദേശം ഇപ്പോൾ നിലവിലുണ്ടോ ? അത് നടപ്പാക്കുന്നതിനെപ്പറ്റി ഗവൺമെൻറ് വല്ല ആലോചനയും നടത്തിയിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ അംഗീകാരം കിട്ടുന്നതിനാവശ്യമായി വന്ന സാഹചര്യത്തിലാണ് ഗവൺമെൻറ് ഇതേക്കുറിച്ച് ആലോചിച്ചത്. പക്ഷെ ആ നടപടികൾ ഇതുവരെ പൂർത്തിയായിട്ടില്ല. അതുകൊണ്ടാണ് നേരത്ത ഗവൺമെൻറ് ഉദ്ദേശിച്ചിരുന്നുവെന്ന് ഞാൻ പറയാൻ കാരണം.

ശ്രീ. പി. സീതിഹാജി : ഇൻഡ്യാ രാജ്യത്തുള്ള ഏതെങ്കിലും ഒരു സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾക്ക് ഇത്തരമൊരു ഏകീകൃത നിയമമുള്ളതായി വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : പല സ്റ്റേറ്റുകളിലും ഏകീകൃത നിയമം ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly